(ബി) റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് ഇവ തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ, സമിതി യോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്.

(സി) എല്ലാ പഞ്ചായത്തുകളിലും രൂപീകരിച്ചിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വില

225 (1259) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുവിപണിയിൽ വൻവില വർദ്ധനവിന് ഇത് ഇടയാക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏതെല്ലാം ഉൽപ്പന്നങ്ങൾക്കാണ് ഇപ്പോൾ സബ്സിഡിയുള്ളതെന്നും അവ വിലയിൽ നിന്നും എത്ര കുറച്ചാണ് നൽകുന്നതെന്നും വിശദമാക്കുമോ ;

(ഡി) ഉയരുന്ന മാർക്കറ്റ് വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പന ശാലകൾവഴി വിതരണം ചെയ്യുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ഇനം	നിലവിലെ സബ്സിഡി വില (രൂപ കി. ഗ്രാമിന്)	പൊതുവിപണി വില (as per Economics and statistics Dept of 22-5-2015) (per Kg)	സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം	വ്യത്യാസം (ശതമാനത്തിൽ)
1	ചെറുപയർ	74	111.29	37.29	33.51
2	ഉഴുന്ന് (ബോൾ)	66	116.57	50.57	43.38
3	വൻകടല	43	66.46	23.46	35.30
4	വൻപയർ	45	61.57	16.57	26.91
5	തുവരപരിപ്പ്	65	108.29	43.29	39.98
6	മുളക്	75	114.00	39.00	34.21
7	മല്ലി	100	125.07	25.07	20.04
8	പഞ്ചസാര	25	28.50	3.50	12.28
9	പച്ചരി	23	28.60	5.60	19.58
10	മട്ട അരി	25	33.00	8.00	24.24
11	ജയ അരി	25	33.13	8.13	24.54
12	കുറുവ അരി	25	32.33	7.33	22.67
13	വെളിച്ചെണ്ണ	130	169.64	39.64	23.37

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സബ്സിഡി ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനോടൊപ്പം കൂടുതൽ ജനങ്ങൾക്ക് സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കി, യഥാർത്ഥ ഉപഭോക്താവിന് മാത്രമേ സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കൂ എന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡിയുടെ ദുർവിനിയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പനശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ മുഖേനയും ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേനയും വിൽപ്പനശാലകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അവശ്യസാധനങ്ങൾ കമ്പോളത്തിൽ തടസ്സമില്ലാതെ ലഭ്യമാക്കാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇത് വിപണിവില വർദ്ധനവ് പിടിച്ചുനിർത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്. അവശ്യസാധനങ്ങളുടെ വിൽപ്പനവില യുക്തമായി പുനർനിർണ്ണയം ചെയ്ത് സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതുവിപണി ഇടപെടൽ തന്ത്രമാണ് സപ്ലൈകോ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇതിനുപുറമെ മറ്റ് അവശ്യസാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനംവരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾവഴിയും വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ ഗുണനിലവാരപരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. കൂടാതെ സാമ്പാർപൊടി, രസപ്പൊടി, ചിക്കൻ മസാല, പുട്ടുപൊടി, അപ്പം പൊടി, തുടങ്ങിയവ ശബരി ബ്രാന്റിൽ പുതിയതായി പൊതുവിപണിയിൽ എത്തിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്സവകാലങ്ങളിൽ വിലവർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ എല്ലാ അദ്ധ്യയന വർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20 ശതമാനം വിലക്കുറവിൽ ലഭ്യമാക്കി വരുന്നു. ഇങ്ങനെ പൊതുവിപണിയിൽ സജീവമായി ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുവാനുള്ള നടപടികൾ സപ്ലൈകോ എടുത്തുവരുന്നു.

റേഷൻ കടകൾ, റേഷൻ കാർഡുകൾ

226 (1260) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര റേഷൻകടകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) റേഷൻ കടകളിൽ എത്ര തരത്തിലുള്ള റേഷൻ കാർഡുകൾ ഉണ്ട് ; ഇവ ഏതൊക്കെയെന്നും എന്ത മാനദണ്ഡം വച്ചാണ് റേഷൻ കാർഡുകൾ ഉപഭോക്താവിന് നൽകുന്നത് എന്നുമറിയിക്കുമോ ;

(സി) ഓരോ കാർഡിനും എന്തൊക്കെ സാധനങ്ങൾ ഏതളവിലാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ഡി) ഒരു മാസത്തിൽ എത്ര തവണയാണ് ഒരു കാർഡ് ഉടമയ്ക്ക് റേഷൻ സാധനങ്ങൾ കൊടുക്കുന്നത് ; വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ കടകളിൽ സാധനങ്ങൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ട എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(എഫ്) മിനിമം എത്ര കാർഡുകളാണ് ഒരു റേഷൻ കടയ്ക്ക് വേണ്ടത് ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോൾസെയിൽ ഷോപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; ഇവ എവിടെയൊക്കെയാണെന്നും ഏതൊക്കെയെന്നും അറിയിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ റേഷൻ കടകൾക്ക് അനുമതി നൽകിയിട്ടുണ്ട് ; ഇവ എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly